# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1184 01.07.2015-ൽ മറുപടിയ്ക്ക്

ഭൂരഹിതർക്ക് വിതരണം ചെയ്യാനായി മാറ്റിവെച്ച ഭൂമി

<u>ചോദ്യം</u> <u>മറുപടി</u>

ശ്രീ.ജെയിംസ് മാത്യു

ശ്രീ.അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | റവന്യൂ വകുപ്പിൻ കീഴിൽ ഭൂരഹിതർക്ക് വിതരണം ചെയ്യാനായി മാറ്റിവെച്ച ഭൂമി എത്ര പേർക്ക് വിതരണം ചെയ്തു ; ജില്ല തിരിച്ച് വിശദമാക്കാമോ ; അപേക്ഷകർക്കെല്ലാം വിതരണം ചെയ്യാനാവശ്യമായ ഭൂമി റവന്യൂ വകുപ്പിന്റെ കീഴിലുണ്ടോ ; | എ) വീട് വയ്ക്കാൻ അനുയോജ്യമായ റവന്യൂ ഭൂമി, മിച്ചഭൂമി, അന്യംനിൽപ്പ് ഭൂമി, ബോട്ട്-ഇൻ-ലാൻഡ് തുടങ്ങിയ വിവിധ ഇനം സർക്കാർ ഭൂമികൾ ഉപയോഗപ്പെടുത്തിക്കൊണ്ടാണ് പദ്ധതി നടപ്പിലാക്കുന്നത്. ഭൂമിയുടെ ലഭ്യത അനുസരിച്ച് വിവിധ ഘട്ടങ്ങളായിട്ടാണ് പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളത്. ഒന്നാം ഘട്ടമായി 36,491 ഗുണഭോക്താക്കൾക്ക് താഴെപ്പറയുന്നത് പ്രകാരം ഭൂമി അനുവദിച്ചിരുന്നു:- |

| ജില്ല | അനുവദിച്ച പട്ടയങ്ങളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 3181 |
| കൊല്ലം | 683 |
| പത്തനംതിട്ട | 506 |
| ആലപ്പുഴ | 256 |
| കോട്ടയം | 1309 |
| ഇടുക്കി | 1992 |
| എറണാകുളം | 1449 |
| തൃശ്ശൂർ | 510 |
| പാലക്കാട് | 2114 |
| മലപ്പുറം | 843 |
| കോഴിക്കോട് | 1550 |
| വയനാട് | 727 |
| കണ്ണൂർ | 11100 |
| കാസർഗോഡ് | 10271 |
| **ആകെ** | **36491** |

| | | |
|---|---|---|
| (ബി) | സാമുദായികമായി പിന്നോക്കം നില്ക്കുന്ന ജനവിഭാഗങ്ങൾക്ക് ഭൂമി വിതരണങ്ങളിൽ പ്രത്യേക പരിഗണനയുണ്ടോ ? | ബി) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരമുള്ള പട്ടയ വിതരണത്തിൽ, ഭൂമി പതിവ് ചട്ടങ്ങൾക്കനുസൃതമായിത്തന്നെ ചില വിഭാഗങ്ങൾക്ക് മുൻഗണന നൽകുന്നത് പരിഗണിച്ചിട്ടുണ്ട്. അഗതികൾ, മാരകരോഗം ബാധിച്ചവർ, അംഗവൈകല്യമുള്ളവർ, വിധവകൾ, പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ എന്നീ ക്രമത്തിലാണ് മുൻഗണന നൽകിയിട്ടുള്ളത്. |

C.K.V.Kumar

സെക്ഷൻ ഓഫീസർ